# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.05.2026**

### പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് സംസ്ഥാനത്ത്; കോട്ടയത്തും കണ്ണൂരും വിവിധ പരിപാടികളിൽ പങ്കെടുക്കും.
2. കഠിനമായ ചൂടിനെതിരെ സ്വയം പ്രതിരോധിക്കേണ്ടത് നിർണായകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; നാടൻ പാനീയങ്ങൾ ഏക ഭാരതം ശ്രേഷ്ഠ ഭാരതത്തിൻറെ സത്തയെ പ്രതിഫലിപ്പിക്കുന്നുവെന്നും മൻ കി ബാത്തിൽ പരാമർശം.
3. പൊതുസേവനത്തിന്, നല്ല ഉദ്ദേശ്യവും സ്ഥിരമായ പരിശ്രമവുമാണ് ആവശ്യമെന്ന്, മലയാളി നീന്തൽ പരിശീലകൻ സജി വാലശ്ശേരി തെളിയിച്ചതായി പ്രധാനമന്ത്രി; ജ്യോതിശാസ്ത്രരംഗത്തെ സംഭാവനകൾക്ക് ആസ്ട്രോ കേരളയ്ക്കും അഭിനന്ദനം.
4. മധ്യവേനൽ അവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും; പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴ തുടരും; ആറ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത; കേരളം ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കലാശപോരാട്ടം; കിരീടത്തിനായി ഗുജറാത്ത് ടൈറ്റൻസ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&

BINU TVPM

## ഉപരാഷ്ട്രപതി - കേരളം

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് സംസ്ഥാനത്ത്.

കോട്ടയത്ത് നടക്കുന്ന 'ദീപിക' മലയാള ദിനപത്രത്തിന്റെ 140-ാാം സ്ഥാപക വാർഷികാഘോഷങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

തുടർന്ന് കണ്ണൂർ മട്ടന്നൂരിൽ രാജ്യസഭാ എം.പി, സി. സദാനന്ദൻ മാസ്റ്റർ സംഘടിപ്പിക്കുന്ന സ്വകാര്യ ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോട്ടയത്തും മട്ടന്നൂരിലും സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

## മൻ കി ബാത്- ചൂട് ( ഇൻട്രോ)

രാജ്യത്തിൻറെ മിക്കഭാഗങ്ങളിലും കൊടും ചൂട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ സ്വയം ശ്രദ്ധിക്കേണ്ടത് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 134-ാാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വെള്ളം കുടിക്കുന്നത് തുടരണമെന്നും വെയിലത്തിറങ്ങുമ്പോൾ ജാഗ്രത വേണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു.

(ഹോൾഡ്-വോയ്സ്)

വേനൽക്കാലത്ത് നാടൻ പാനീയങ്ങൾ ആസ്വദിക്കണമെന്നും രാജ്യത്തിൻറെ വിവിധ പ്രദേശങ്ങളിലുള്ള പാനീയങ്ങൾ പാരമ്പര്യത്തിൻറെ ഭാഗമാണെന്നും അത് ഏക ഭാരതം ശ്രേഷ്ഠ ഭാരതത്തിൻറെ സത്തയെ പ്രതിഫലിപ്പിക്കുന്നുവെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&

## മൻ കി ബാത്-മാമ്പഴം

രാജ്യത്തിൻറെ തനതായ മാമ്പഴ ഇനങ്ങളക്കുറിച്ച് മൻ കി ബാത്തിൽ പരാമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വേനൽക്കാലത്ത് രാജ്യത്തെ എല്ലാ വീടുകളിലും മാമ്പഴം സുലഭമാണെന്നും അദ്ദേഹം പറഞ്ഞു. ഓരോ പ്രദേശത്തെയും സവിശേഷമായ മാമ്പഴങ്ങൾ ഇപ്പോൾ ആഗോള

RNU TVPM

വിപണിയലേക്കെത്തിയതായും, മാമ്പഴ കർഷകർ രാജ്യത്തിൻറെ കാർഷിക സമ്പദ്വ്യവസ്ഥയ്ക്ക് ഏറെ മുതൽക്കൂട്ടാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

<u>മൻ കീ ബാത്- സജി വാലശ്ശേരിൽ (ഇൻട്രോ)</u>

സേവനത്തിന്, വലിയ വിഭവങ്ങൾക്കുമപ്പുറം നല്ല ഉദ്ദേശ്യവും സ്ഥിരമായ പരിശ്രമവുമാണ് ആവശ്യമെന്ന്, മലയാളി നീന്തൽ പരിശീലകൻ സജി വാലശേരി തെളിയിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. കുട്ടികൾക്കും മുതിർന്നവർക്കുമായി ആലുവയിൽ നീന്തൽ ക്ലബ് നടത്തുന്ന സജി വാലശേരിയെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ പതിനയ്യായിരത്തിലധികം പേരെയാണ് സജി സൗജന്യമായി നീന്തൽ പഠിപ്പിച്ചത്. ഈ ദൗത്യം ആയിരക്കണക്കിനാളുകളുടെ ജീവിതത്തെ പരിവർത്തനം ചെയ്യുതായും ശ്രീ മോദി അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&

<u>മൻ കി ബാത്-ചോള സാമ്രാജ്യം</u>

ഇന്ത്യയുടെ അമൂല്യമായ പൈതൃകം സംരക്ഷിക്കാൻ സർക്കാർ നിരന്തരം ശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രി. യൂറോപ്പിലെ നെതർലൻഡ്സ് സന്ദർശന വേളയിൽ ചോള കാലഘട്ടത്തിലെ പുരാതന ചെമ്പ് തകിടുകൾ വീണ്ടെടുക്കാനായത് ഏറെ സന്തോഷകരമായ നിമിഷമാണെന്നും അദ്ദേഹം പറഞ്ഞു. ഗ്യാൻ ഭാരതം ദൗത്യത്തിനു കീഴിൽ ഛത്തീസ്ഗഢിലെ മൽഹാറിൽ നിന്നും 1500 വർഷം പഴക്കമുള്ള ചെമ്പ് തകിടുകൾ കണ്ടെത്തിയതിനെക്കുറിച്ചും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

<u>മൻ കി ബാത്- ജ്യോതിശാസ്ത്രം (ഇൻട്രോ)</u>

രാജ്യത്തുടനീളം ജ്യോതിശാസ്ത്ര കൂട്ടായ്മകൾ അതിവേഗം പ്രചാരം നേടുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാത്രികാല നക്ഷത്ര നിരീക്ഷണ ക്യാമ്പുകളും പരിശീലന കളരികളും സംഘടിപ്പിക്കുന്ന തിരുവനന്തപുരത്തെ ആസ്ട്രോ കേരള എന്ന

RNU TVPM

സ്ഥാപനത്തെക്കുറിച്ച് പ്രധാനമന്ത്രി പരാമർശിച്ചു. ഇവിടെ യുവാക്കൾക്ക് ദൂരദർശിനി നിർമ്മിക്കാനും നക്ഷത്രഭൂപടങ്ങൾ ഉപയോഗിക്കാനും പരിശീലനം നൽകുന്നു. പ്രധാനമന്ത്രിയുടെ പരാമർശത്തിൽ ഏറെ സന്തോഷമുണ്ടെന്ന് ആസ്ട്രോ കേരള ജ്യോതി ശാസ്ത്ര പ്രചരണ കൂട്ടായ്മയുടെ സ്ഥാപക സെക്രട്ടറി വി എസ് ശ്യാം ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&

<u>മൻ കി ബാത്-ഗിരിജ അമ്മ</u>

രാജ്യത്തെ നിരവധി സൈനികർക്കായി തുക സംഭാവന നൽകിയ തമിഴ്നാട്ടിലെ ഗിരിജ അമ്മയുടെ രാജ്യസ്നേഹം ഓരോ ഭാരതീയനും പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.ഏകദേശം 15 സ്കൂളുകൾ നടത്തുന്ന അവർ വിദ്യാർത്ഥികൾ പ്രതിദിനം നൽകിയ ഒരോ രൂപ സമാഹരിച്ച് 40 ലക്ഷം രൂപയാണ് സൈനികർക്കായി നൽകിയത്. സമൂഹത്തിനു വേണ്ടി ഇത്തരം നല്ല കാര്യങ്ങൾ ചെയ്യുന്നവരെ തിരിച്ചറിയാനും അഭിനന്ദിക്കാനും ശ്രമിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടാണ് മൻ കി ബാത്തിന്റെ ഈ മാസത്തെ പതിപ്പ് പ്രധാനമന്ത്രി അവസാനിപ്പിച്ചത്.

&&&&&&&&&&&&&&&&

<u>പ്രവേശനോത്സവം - സ്കൂൾ</u>

മധ്യവേനൽ അവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും. സ്കൂൾ പ്രവേശനോത്സവത്തിൽ വിദ്യാർത്ഥികൾ സൈബർ സുരക്ഷാ പ്രതിജ്ഞയെടുക്കും.

&&&&&&&&&&&&&&&&

<u>പുകയില വിരുദ്ധദിനം (ഇൻട്രോ)</u>

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. പുകയിലയുടെയും നിക്കോട്ടിന്റെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം

RNU TVPM

വളർത്തുന്നതിനാണ്, ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ എല്ലാ വർഷവും മെയ് 31 ലോക പുകയില വിരുദ്ധ ദിനമായി ആചരിക്കുന്നത്.

**സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജനാരോഗ്യ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറും ദേശീയ പുകയില നിയന്ത്രണ പദ്ധതിയുടെ നോഡൽ ഓഫീസറുമായ Dr. ബിപിൻ ഗോപാൽ ആകാശവാണി വാർത്തകളോട്......**

(ഹോൾഡ് വോയ്സ്)

**&&&&&&&&&&&&&&&&**

<u>ലഹരി ബങ്കുകൾ</u>

തിരുവനന്തപുരത്ത് സ്കൂൾ പരിസരത്ത് ലഹരിവസ്തുക്കൾ വിൽക്കുന്ന ബങ്കുകൾ നീക്കം ചെയ്യുന്ന പ്രവർത്തി നഗരസഭാ സ്ക്വാഡും പോലീസും ചേർന്ന് ആരംഭിച്ചു. കുട്ടികളെ ലക്ഷ്യമിട്ട് സ്കൂളുകൾക്ക് സമീപമുള്ള ലഹരി വസ്തുക്കളുടെ വില്പനതടയുന്നതിന്റെ ഭാഗമാണിത്.

**&&&&&&&&&&&&&&&&**

<u>ഐ പി എൽ (ഇൻട്രോ)</u>

ഐ.പി.എൽ ക്രിക്കറ്റ് കിരീടപ്പോരാട്ടം ഇന്ന്. അഹമ്മദാബാദിൽ നടക്കുന്ന കലാശപ്പോരാട്ടത്തിൽ ഗുജറാത്ത് ടൈറ്റൻസ് നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. രാത്രി 7:30-ന് മത്സരം ആരംഭിക്കും.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്..................** (വോയ്സ്)

**&&&&&&&&&&&&&&&&**

<u>മഴ</u>

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത ഇടങ്ങളിലേക്ക് മാറേണ്ടതാണ്. മോശം കാലാവസ്ഥ

RNU TVPM

കണക്കിലെടുത്ത് കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**&&&&&&&&&&&&&&&&**

**ലക്ഷദ്വീപ് മഴ**

ലക്ഷദ്വീപിലും ശക്തമായ കാറ്റും ഇടിമിന്നലോട് കൂടിയമഴയും തുടരും. ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&**

**അനിൽ ചന്ദ്രൻ - വിരമിക്കൽ**

വാർത്താവതരണ രംഗത്തെ മുപ്പതു വർഷത്തിലധികം നീണ്ട സേവനത്തിന് ശേഷം അനിൽ ചന്ദ്രൻ ഇന്ന് കോഴിക്കോട്ട് ആകാശവാണിയിൽ നിന്ന് വിരമിക്കുന്നു. അച്ചടി മാദ്ധ്യമപ്രവർത്തകനായി തുടക്കമിട്ട അനിൽ ചന്ദ്രൻ, ഡൽഹി ആകാശവാണി മലയാള വാർത്താവിഭാഗത്തിൽ 1995 ലാണ് ജോലിയിൽ പ്രവേശിച്ചത്.

**&&&&&&&&&&&&&&&**

**&&&&&&&&&&&&&**

**&&&&&&&&&&**

RNU TVPM